LIBRARY ARCHIVES Kerala Legislative Assembly

'മകോട്ടദേവ' എന്ന ഔഷധ സസ്യചെടി

10 (3441) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡോനേഷ്യയിൽ വളരുന്ന 'മകോട്ടദേവ' എന്ന ഔഷധ സസ്യചെടിയുടെ കായ്കൾ രക്തസമ്മർദ്ദത്തിനും പ്രമേഹത്തിനും നല്ല ഔഷധമാണെന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കായയുടെ പുറംതൊലിയും അകത്തുമുള്ള മാംസളമായ ഭാഗവും ഔഷധഗുണമുള്ളതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഔഷധ സസ്യം വ്യാപകമായി വളർത്തുന്നതിനും പൊതു ജനങ്ങൾക്ക് ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 'മകോട്ടദേവ' എന്ന ഇൻഡോനേഷ്യയിൽ വളരുന്ന സസ്യം കേരളത്തിൽ വ്യാപകമായി കാണുന്നില്ല. ആയതിനാൽ കേരള സംസ്ഥാന ഔഷധ സസ്യബോർഡ് (എസ്.എം.പി.ബി.) ഇതുവരെ ഇത് സംബന്ധിച്ച് ആധികാരികമായി പഠനം നടത്തിയിട്ടില്ല.

ജൻ ഔഷധി സെന്ററുകൾ

11 (3442) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്ന "ജൻ ഔഷധി സെന്ററുകൾ " തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഈ പദ്ധതിക്ക് തുക വാഗ്ദാനം ചെയ്തിട്ടുള്ളത് ; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാരിന് കീഴിൽ ജനറിക് മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്ന എന്തെല്ലാം സൗകര്യങ്ങൾ നിലവിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?